പതിമൂന്നാം കേരള നിയമസഭ - ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:143 04/02/2013 - ൽ മറുപടിക്ക്

## മത്സ്യത്തൊഴിലാളികൾക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിന് നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. റ്റി. യു. കുരുവിള: | ശ്രീ.കെ. ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി): |
| (എ) മത്സ്യത്തൊഴിലാളി അധിവാസ മേഖലകളിൽ അടിസ്ഥാന സൗകര്യം നടപ്പാക്കുന്നതിന് ഈ വർഷം അംഗീകരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ; | (എ) മത്സ്യത്തൊഴിലാളി അധിവാസ മേഖലകളിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി 2012-13 സാമ്പത്തിക വർഷം സംയോജിത മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി കുടിവെള്ളം, സാനിട്ടേഷൻ, ഇലക്ട്രിഫിക്കേഷൻ എന്നീ സൗകര്യങ്ങൾ 25 മത്സ്യഗ്രാമങ്ങളിൽ വികസിപ്പിക്കുന്നതിനായി 50 കോടി രൂപയുടെ പദ്ധതികൾ കേരള സ്റ്റേറ്റ് കോസ്റ്റൽ ഏരിയ ഡെവലപ്പ്മെന്റ് കോർപ്പറേഷൻ വഴി നടപ്പിലാക്കി വരുന്നു. |
| (ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്കും കൂടുതൽ അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള പദ്ധതികൾ എന്തൊക്കെ എന്ന് വിശദമാക്കുമോ? | (ബി) ഉൾനാടൻ മത്സ്യത്തൊഴിലാളികൾക്ക് മാത്രമായിട്ടുള്ള പദ്ധതികളൊന്നും ഇല്ല. എന്നാൽ 2012-13 വർഷത്തിൽ സംയോജിത മത്സ്യഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി കുമ്പളം, ഉദയംപേരൂർ, വടക്കേക്കര, വെങ്കിടങ്ങ് എന്നീ ഉൾനാടൻ മത്സ്യഗ്രാമങ്ങളിൽ കുടിവെള്ളം, സാനിട്ടേഷൻ, ഇലക്ട്രിഫിക്കേഷൻ തുടങ്ങിയവ വികസിപ്പിക്കുന്നതിനുള്ള നടപടികൾ നടപ്പിലാക്കി വരുന്നു. കൂടാതെ സംയോജിത മത്സ്യ |

ഗ്രാമ പദ്ധതിയിൽ ഉൾപ്പെടുത്തി പൊയ്യ, ആറാപുര എന്നിവിടങ്ങളിൽ സമഗ്ര വികസന പരിപാടികൾ നടപ്പിലാക്കുന്നു.

സെക്ഷൻ ഓഫീസർ